**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **03-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ചലഞ്ച് ഫണ്ട് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ സെന്റ് ജോസഫ് ഹൈസ്കൂൾ മതിലകം, സെന്റ് മേരീസ് എൽ. പി. സ്കൂൾ മതിലകം, സീതി സാഹിബ് ഹയർസെക്കൻഡറി സ്കൂൾ അഴീക്കോട്, എം. ഇ. എസ്. ഹയർ സെക്കൻഡറി സ്കൂൾ വെമ്പല്ലൂർ, എ. എം. യു. പി. സ്കൂൾ എറിയാട്, എസ്. എൻ. വി. എൽ. പി. എസ്. എടത്തിരുത്തി വെസ്റ്റ്, നാഷണൽ എൽ. പി സ്കൂൾ പൈനാവ് എന്നീ വിദ്യാലയങ്ങൾക്ക് ഇതുവരെയും കെട്ടിടം പണി പൂർത്തീകരിച്ചിട്ടും ചലഞ്ച് ഫണ്ട് മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; ആയതു എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | **ഉണ്ട്. കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം നടത്തിയ താഴെ പറയുന്ന സ്കൂളുകൾക്ക് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരികയാണ്.**<br><br>1 എസ്.എൻ.വി എൽ.പി.എസ്, എടത്തിരുത്തി വെസ്റ്റ്<br>2. സെന്റ് മേരീസ് എൽ.പി.എസ്, മതിലകം<br>3. സെന്റ് ജോസഫ് എച്ച്.എസ്, മതിലകം<br>4. എം.ഇ.എസ്.എച്ച്.എസ്, വെമ്പല്ലൂർ<br>5. എ.എം.ഐ.യു.പി.സ്കൂൾ, ഏറിയാട്<br><br>ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും എസ്.എസ്.എം.എച്ച്.എസ്, അഴിക്കോട് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനാവശ്യമായ രേഖകൾ നൽകിയിട്ടില്ല.<br><br>എൻ.എൽ.പി.എസ്, പൈനൂർ -ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ